**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4856** **11-08-2021 - ൽ മറുപടിയ്ക്ക്**

**കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനിലെ ജീവനക്കാർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ എത്ര ജീവനക്കാരാണ് നിലവിലുള്ളതെന്ന വിവരം സ്ഥിരം/ താൽക്കാലികം എന്ന തരത്തിൽ വിശദമാക്കാമോ; | (എ) | കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ അനുവദിക്കപ്പെട്ട 4 തസ്തികകളിൽ (ഡെപ്യൂട്ടേഷൻ) ഒഴികെ 96 താൽക്കാലിക ജീവനക്കാരാണ് നിലവിൽ ഉള്ളത്. നാല് ഡെപ്യൂട്ടേഷൻ തസ്തികകളിൽ ഇപ്പോൾ 3 പേർ ജോലി ചെയ്തു വരുന്നു. |
| (ബി) | പ്രസ്തുത കോർപ്പറേഷനിൽ കരാർ വ്യവസ്ഥയിൽ ജോലി നോക്കുന്നവരിൽ ഒന്നിലേറെ തവണ കരാർ പുതുക്കി നിയമനം ലഭിച്ചവരുണ്ടോ;എങ്കിൽ അവരുടെ പേര് വിവരങ്ങൾ ലഭ്യമാക്കുമോ; | (ബി) | നിയമിക്കപ്പെടുന്ന ജീവനക്കാരുമായി കരാർ ഒപ്പുവെക്കാറില്ല. ആയതിനാൽ കരാർ പുതുക്കി നിയമനം നൽകാറില്ല. എന്നാൽ ആവശ്യത്തിനനുസരിച്ച് വീണ്ടും നിയമനം നൽകാറാണുള്ളത്. ഇപ്രകാരം നിയമിക്കപ്പെട്ട 93 ജീവനക്കാരുടെ പേര് വിവരങ്ങൾ അനുബന്ധം ആയി ചേർത്തിട്ടുണ്ട്. 3 പേർ ആദ്യ നിയമന കാലാവധി പൂർത്തിയാക്കിയിട്ടില്ല. |
| (സി) | ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ജോലി നോക്കുന്നവർ ഏതൊക്കെ വകുപ്പിലെ ജീവനക്കാരാണെന്നും അവരുടെ തസ്തിക ഏതാണെന്നും അവർ ഏത് കാലയളവിലാണ് ഡെപ്യൂട്ടേഷനിൽ പ്രവേശിച്ചതെന്നും വ്യക്തമാക്കുമോ; | (സി) | ആഭ്യന്തര വകുപ്പിൽ നിന്നും ഐ.പി.എസ് കേഡറിലുള്ള ഉയർന്ന ഉദ്യോഗസ്ഥരെയാണ് മാനേജിംഗ് ഡയറക്ടർ തസ്തികയിൽ നിയമിക്കാറുള്ളത്. എ.പി ബറ്റാലിയൻ ഡി.ഐ.ജി യാണ് 08.01.2021 മുതൽ മാനേജിംഗ് ഡയറക്ടറുടെ ചുമതല നിർവ്വഹിച്ചു വരുന്നത്. ഗവ.സെക്രട്ടേറിയറ്റ് ഫിനാൻസ് ഡിപ്പാർട്ട്മെന്റിൽ ജോയിന്റ് സെക്രട്ടറി റാങ്കിലുള്ള ഉദ്യോഗസ്ഥനെയാണ് ഫിനാൻസ് മാനേജർ തസ്തികയിൽ ഡെപ്യൂട്ടേഷൻ വഴി കെ.പി.എച്ച്.സി.സി യിൽ നിയമിച്ചു വരുന്നത്. നിലവിലുള്ള ഫിനാൻസ് മാനേജർ 05.07.2020 മുതൽ ജോലി ചെയ്തു വരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആയി നിയമിക്കപ്പെട്ട ആൾ 05.09.2020 മുതൽ കെ.പി.എച്ച്.സി.സി യിൽ ജോലി ചെയ്തു വരുന്നു. |
| (ഡി) | കരാർ നിയമനം നടത്തുന്നതിന് കേരള പോലീസ് | (ഡി) | സർക്കാരിൽ നിന്നുള്ള ഗ്രാന്റോ മറ്റു സാമ്പത്തിക |

| | | | |
|---|---|---|---|
| | ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്തൊക്കെയാണ്; പ്രസ്തുത നിയമനങ്ങൾ ഏംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | | സഹായങ്ങളോ കേരള പോലീസ് ഹൗസിംഗ് ആന്റ് കൺസ്ട്രക്ഷൻ കോർപ്പറേഷന് നൽകുന്നില്ല. നിർമ്മാണ പ്രവർത്തനങ്ങളിൽ നിന്നും സൂപ്പർവിഷൻ ചാർജ്ജിനത്തിൽ ലഭ്യമാകുന്ന നാമമാത്രമായ തുക കൊണ്ടാണ് ഈ സ്ഥാപനത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തി വരുന്നത്. സർക്കാർ ഉത്തരവുകൾ പ്രകാരം വിവിധ തസ്തികകളിലെ കരാർ ജീവനക്കാർക്ക് നിഷ്കർഷിച്ച വേതനം പോലും നൽകുവാൻ സാധിക്കാത്ത സാഹചര്യത്തിൽ അംഗീകൃത തസ്തികകൾ സൃഷ്ടിക്കുന്നതോ 179 ദിവസത്തേക്കു മാത്രമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതോ പ്രായോഗികമല്ല. ആയതിനാൽ എംപ്ലോയ്മെന്റ് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. കെ.പി.എച്ച്.സി.സി യിൽ കരാർ നിയമനം നടത്തുന്നതിലേയ്ക്കായി വെബ്സൈറ്റ് മുഖേനയും, പത്രപരസ്യം മുഖേനയും ആവശ്യമായ തസ്തികകളിൽ എഴുത്തു പരീക്ഷയുടെയും അഭിമുഖത്തിന്റെയും അടിസ്ഥാനത്തിൽ തികച്ചും സുതാര്യമായ രീതിയിലാണ് നിയമനം നടത്തുന്നത്. നിയമന കാലാവധിയായ 145 ദിവസം തീരുന്ന മുറയ്ക്ക് പിരിച്ചുവിടുകയും ആവശ്യമെങ്കിൽ അവരുടെ പ്രായോഗിക പരിജ്ഞാനം കണക്കിലെടുത്ത് വീണ്ടും നിയമനം നൽകുകയുമാണ് ചെയ്തുവരുന്നത്. |

സെക്ഷൻ ഓഫീസർ